● നിരീക്ഷണം



# ആരോഗ്യ ടൂറിസം "അതിഥികളുടെ സ്വന്തം നാട്ടിൽ"

നിഖില എം.വിജയ്

വിദേശ നാണ്യത്തിനും വിദേശ നിക്ഷേപങ്ങൾക്കുമുള്ള ഉപാധിയായി ടൂറിസത്തെ ഉയർത്തികാട്ടി നമ്മുടെ കരയും, കായലും തീരവും ടൂറിസത്തിന് തീറെഴുതികൊണ്ടിരിക്കുന്നു. ഇത്തരം കീഴടങ്ങളലുകളുടെ മറ്റൊരു പരിവേഷമാണ് മെഡിക്കൽ ടൂറിസം എന്ന ഓമനപ്പേരിൽ വളർന്നു വരുന്ന ആരോഗ്യ ടൂറിസം.

ഏറ്റവും ആധുനികമായ ചികിത്സാ സൗകര്യങ്ങൾ, വൈദഗ്ധ്യമാർന്ന ആരോഗ്യ പാലകർ, മുറുമുറുപ്പില്ലാതെ ഇരുപത്തി നാലു മണിക്കൂറും രോഗികളെ പരിചരിക്കുന്ന നേഴ്സുമാർ - പഞ്ച നക്ഷത്ര ആശുപത്രികൾ - സ്വപ്നലോകത്തിലെന്നപോലെ നമ്മുടെ ആരോഗ്യ രംഗം വളരുകയാണ്, ഇന്തോ ടൂറിസം പറയുന്നതുപോലെ ഇൻക്രെഡിബിൾ ഇന്ത്യ (!ncredible India)! ഇതെല്ലാം ഇന്ത്യയിലെ ഭൂരിപക്ഷം വരുന്ന ദരിദ്രർക്കും സാധാരണക്കാർക്കുമാണെന്ന് കരുതിയെങ്കിൽ തെറ്റി. ഇതൊന്നും അവർക്കുള്ളതല്ല. മറിച്ച്, ഡോളറുമായി വരുന്ന വിദേശികൾക്കും ഇന്ത്യൻ വരേണ്യവർഗ്ഗത്തിനും മാത്രമായിട്ടാണ്.

"ഇന്ത്യയിലെ ആഭ്യന്തര ചികിത്സാ രംഗത്തെ താരതമ്യേന ചിലവ് കുറഞ്ഞ ചികിത്സാ സൗകര്യങ്ങൾ വിദേശികൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി മെഡിക്കൽ സർവ്വീസുകൾക്ക് കയറ്റുമതി പരിഗണന നൽകുകയും നികുതിയിളവുകൾക്കും മനാനുകൂല്യങ്ങൾക്കും ചികിത്സാ രംഗത്തെ അർഹമാക്കുമെന്നും" ഇന്ത്യ ഗവർമെന്റിന്റെ ആരോഗ്യ നയം എടുത്തുപറയുന്നു. ദേശീയ ആരോഗ്യ നയത്തിലെ ഈ പ്രഖ്യാപനത്തിന് വഴിവെച്ചത് പ്രധാനമന്ത്രിയുടെ വ്യാപാര വ്യവസായ ഉപദേശ സമിതിയുടെ ശുപാർശ ആണെന്നതും ഈ സമിതിയിലെ പ്രധാന അംഗങ്ങൾ കുമാര മംഗലം ബിർളയും മുകേഷ് അംബാനിയും പോലുള്ള കുത്തക മുതലാളിമാരായിരുന്നു എന്നതും ഇതോടൊപ്പം കൂട്ടി വായിക്കേണ്ടതാണ്.

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയും മെക്കൻസി എന്ന കൺസൾട്ടൻസി കമ്പനിയും ചേർന്ന് സംയുക്തമായി നടത്തിയ പഠനത്തിൽ മെഡിക്കൽ ടൂറിസം 2021 ഓടെ 2.2 ബില്യൺ ഡോളറിന്റെ അധിക വരുമാനം കൊണ്ടു വരുമെന്നാണ് കണക്കാക്കുന്നത്. 2004 ൽ ഒന്നര ലക്ഷം വിദേശ ടൂറിസ്റ്റുകാർ ഇന്ത്യയിൽ എത്തുകയും 1500 കോടി രൂപ ചികിത്സക്കായി മാത്രം ഇന്ത്യയിൽ ചെലവിടുകയും ചെയ്തു എന്നാണ് കണക്കുകൾ പറയുന്നത്. അതിനാൽ നമ്മുടെ ഗവർമെന്റാകട്ടെ ആരോഗ്യരംഗ സ്വകാര്യവത്കരണത്തിനും, കുത്തകവത്ക്കരണത്തിനും അനുവാദം നൽകികൊണ്ട് മെഡിക്കൽ ടൂറിസം എന്ന മാന്ത്രിക വിളക്കും തെളിച്ചിരിക്കുകയാണ്, ഇന്ത്യൻ ആശുപത്രികളിലെ യൂറോപ്യൻ നിലവാരത്തിലുള്ള ചികിത്സാ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ഒഴിവു കാലം എന്നതാണ് പുതിയ സമവാക്യം.

ഇന്ത്യാ ഗവർമെന്റ് വിദേശങ്ങളിൽ റോഡ് ഷോകളും വാണിജ്യ മേളകളുമായി മെഡിക്കൽ ടൂറിസം പ്രചാരണ ശ്രമങ്ങൾ നടത്തുമ്പോൾ കേരളം കൈകൊട്ടി മാറിനിൽക്കുതെങ്ങനെ? കേരളം ആയുർവേദവും, മസാജിംഗും കോസ്മെറ്റിക് സർജ്ജറിയും, ഹൗസ്ബോട്ടും, മൺസൂണുമെല്ലാം ചേർത്ത് ഒരു പാക്കേജ് ഉണ്ടാക്കി മെഡിക്കൽ ട്രാവൽ എന്നൊരു പേരുമിട്ടു. സ്വയം ചാർത്തി കിട്ടിയ 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന ലേബലും യൂറോപ്യൻ രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പത്തിലൊന്ന് മാത്രം വരുന്ന ചികിത്സാ ചെലവും മെമ്പൊടിയായി നൽകിയാണ് വിപണനം. 15,000 വിദേശ രോഗികൾ 2006 ൽ കേരളം സന്ദർശിച്ചു എന്നാണ് കണക്ക്. 2010 ഓടുകൂടി ഇത് ഒരു ലക്ഷം ആക്കുകയാണ് ലക്ഷ്യം (ഇന്ത്യ സന്ദർശിക്കുന്ന മെഡിക്കൽ ടൂറിസ്റ്റുകളുടെ 20 ശതമാനത്തോളം വരും ഇത്). 2007 മാർച്ച് 24 ന് കൊച്ചിയിൽ നടന്ന കേരള ഹെൽത്ത് ടൂറിസം സമ്മേളനം ലക്ഷ്യമിടുന്നതും മറ്റൊന്നുമല്ല. കേരളത്തെ ലോകത്തിലെ അഞ്ച് പ്രധാന മെഡിക്കൽ

ടൂറിസം കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ മെഡിക്കൽ ടൂറിസ നയം തയ്യാറാക്കി വരുന്നു. കേരളത്തിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി പ്രമുഖ സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തി ഒരു ടാസ്ക് ഫോഴ്സും രൂപപ്പെടുത്തി കഴിഞ്ഞു. നിലവിലുള്ള മാലിയിലെയും ഗൾഫ് രാഷ്ട്രങ്ങളിലെയും രോഗികളെ കൂടാതെ 'യൂറോപ്യൻ രോഗികളെ'യാണ് സംസ്ഥാനം ഇപ്പോൾ ലക്ഷ്യമിടുന്നത്.

ആരോഗ്യ രംഗത്തെ ഉദാരവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ചുവടു പിടിച്ച് ഇന്ത്യൻ ആരോഗ്യ രംഗത്ത് ചുവടുറപ്പിച്ചവരാണ് ഇന്ത്യയിലെ മിക്ക കോർപ്പറേറ്റ് ഹോസ്പിറ്റലുകളും. ഇന്ത്യൻ ആരോഗ്യ രംഗത്തെ വിപണന സാദ്ധ്യതകളാണ് ഇത്തരമൊരു നീക്കത്തിന് പിന്നിൽ. വിദേശ ഇന്ത്യക്കാർ, യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള സമ്പന്നർ (ഇതിൽ യു.എസ്. ചികിത്സാ ചിലവ് താങ്ങാൻ വയ്യാത്തവരും, ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്തവരും, ബ്രിട്ടനിലെ നാഷണൽ ഹെൽത്ത് സർവ്വീസിന്റെ ക്യൂ സമ്പ്രദായത്താൽ അടിയന്തിര ചികിത്സ ലഭ്യമല്ലാത്തവരുംപ്പെടുന്നു). കൂടാതെ ദക്ഷിണേഷ്യ - സാർക്ക്, ആഫ്രിക്ക, മുതലായ രാജ്യങ്ങളിൽ നിന്നും വരുന്ന ആധുനിക ചികിത്സാ സ്വന്തം രാജ്യത്ത് ലഭ്യമല്ലാത്തവർ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളാണ് പ്രധാനമായും ഇന്ത്യയിലെത്തുന്നത്.

1991 ആഗസ്റ്റ് മുതൽ 97 ആഗസ്റ്റ് വരെയുളള കാലയളവിൽ മാത്രം ഫോറിൻ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് ഇന്ത്യ ആരോഗ്യ രംഗത്ത് 3600 മില്യൺ രൂപയുടെ നേരിട്ടുള്ള വിദേശ നിക്ഷേപങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. മെഡിനോവ, വൊക്കാർട്ട്, അപ്പോളോ, മെഡിസിറ്റി, തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾക്കൊപ്പം വിദേശ ഇൻഷുറൻസ് കമ്പനികളും ഇന്ത്യൻ ആരോഗ്യരംഗത്ത് പിടി മുറുക്കിയിരിക്കുന്നു.

ആരോഗ്യ രംഗത്തെ ഈ സ്വകാര്യവൽക്കരണം, കോർപ്പറേറ്റ് വൽക്കരണ പ്രവണതകൾ പല പ്രത്യാഘാതങ്ങളും സൃഷ്ടിക്കുന്നുണ്ട്. ഇതാവട്ടെ വിദേശ നാണ്യം എന്ന മുഖ്യ പ്രലോഭനത്തിൽ മുങ്ങിപോകുന്നു. എന്നാൽ

**1991 ആഗസ്റ്റ് മുതൽ 97 ആഗസ്റ്റ് വരെയുളള കാലയളവിൽ മാത്രം ഫോറിൻ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് ഇന്ത്യ ആരോഗ്യ രംഗത്ത് 3600 മില്യൺ രൂപയുടെ നേരിട്ടുള്ള വിദേശ നിക്ഷേപങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. മെഡിനോവ, വൊക്കാർട്ട്, അപ്പോളോ, മെഡിസിറ്റി, തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾക്കൊപ്പം വിദേശ ഇൻഷുറൻസ് കമ്പനികളും ഇന്ത്യൻ ആരോഗ്യരംഗത്ത് പിടി മുറുക്കിയിരിക്കുന്നു.**



ഇങ്ങനെ വിദേശ കമ്പനികളും ആശുപത്രികളും നിലവിൽ വരുന്നതോടെ ഇന്ത്യയിലേക്കെത്തുന്നു എന്നു പറയുന്ന വിദേശ നാണ്യവും അതിന്റെ പറയപ്പെടുന്ന നേട്ടങ്ങളും തിരികെ വിദേശ രാജ്യങ്ങളിലേക്കു തന്നെ തിരികെ എത്തുന്ന ഒരു സാമ്പത്തിക ചോർച്ച ആണ് ഫലത്തിൽ സംഭവിക്കുന്നത്.

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് കേരളത്തിൽ നടത്തിയ പഠനത്തിൽ 1987 ൽ 81 രൂപ മാത്രമായിരുന്നു ആളോഹരി വാർഷിക ചികിത്സാ ചെലവ് 2004 ൽ 1722 രൂപയായി ഉയർന്നതായി കാണിക്കുന്നു. ഒരുതവണ രോഗം വന്നാൽ ചികിത്സിക്കാനുള്ള ചെലവിൽ വന്നിട്ടുള്ള വർദ്ധനവ് ഇതിലും ഭീമമാണ്.

ഇന്ത്യൻ ആരോഗ്യ രംഗത്തെ കുറഞ്ഞ സർക്കാർ പങ്കാളിത്തവും കൂടി വരുന്ന സ്വകാര്യ പങ്കാളിത്തവും ആരോഗ്യ പരിപാലനവും ചികിത്സയും ഒരു സാധാരണ ഇന്ത്യക്കാരനെ സംബന്ധിച്ചിടത്തോളം ചെലവേറിയതും, അപ്രാപ്യവുമാകുന്നു. ഇന്ത്യാ ടൂറിസം ഉയർത്തിപ്പിടിക്കുന്ന ചിലവു കുറഞ്ഞ ചികിത്സ ഒരു ശരാശരി ഇന്ത്യാക്കാരനെ സംബന്ധിച്ചിടത്തോളം അസംബന്ധമാണ്. ലാഭം മാത്രം ലക്ഷ്യമിട്ടുള്ള മെഡിക്കൽ ടൂറിസത്തിന്റെ നിഘണ്ടുവിൽ ചെലവേറിയ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ മാത്രമേ ഉള്ളൂ. അത് ഒരു ഘട്ടത്തിലും ഇവിടുത്തെ ആരോഗ്യ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നില്ല. മറിച്ച് ഇന്നത്തെ ആരോഗ്യ രംഗത്തെ പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുകയാണ് ചെയ്യുന്നത്.

### മസ്തിഷ്ക്ക ചോർച്ച
(Brain Drain)

മെഡിക്കൽ ടൂറിസത്തിന്റെ മറ്റൊരു ദുരന്തമാണ് മസ്തിഷ്ക്ക ചോർച്ച (Brain Drain) ആരോഗ്യ ടൂറിസ രംഗത്ത് പ്രബലരായി വരുന്ന എല്ലാ കോർപ്പറേറ്റ് ഹോസ്പിറ്റലുകളും വലിയ നഗരങ്ങളിലും പട്ടണങ്ങളിലുമാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഇവയുടെ നിലനിൽപ്പാകട്ടെ വൈദഗ്ധ്യമാർന്ന ആരോഗ്യ പരിപാലകരെ ആശ്രയിച്ചാണ് നിൽക്കുന്നത്. ഇതിനായി രാജ്യത്തിന്റെ മുക്കിലും മൂലയിലുമുള്ള ഡോക്ടർമാരേയും അനുബന്ധ പ്രവർത്തകരേയും ഭീമമായ ശമ്പളം നൽകി ഒപ്പം ചേർക്കുന്നു. ഇപ്പോൾ തന്നെ 73% അലോപ്പതി ഡോക്ടർമാരും പട്ടണങ്ങളിലാണ് ജോലി നോക്കുന്നത്. മെഡിക്കൽ ടൂറിസത്തിന്റെ ഫലമായി നഗരങ്ങളിലെ ഹോസ്പിറ്റലുകളുടെ വർദ്ധനവ്, നഗര പ്രാന്തങ്ങളിലും ഗ്രാമങ്ങളിലും സ്വതവേയുള്ള ഡോക്ടർമാരുടെ ദൗർലഭ്യത്തിന് ആക്കം കൂട്ടുന്നു.

മെഡിക്കൽ ടൂറിസം ഇൻഡസ്ട്രിയുടെ മറ്റൊരവകാശ വാദമാണ് റിവേഴ്സ് ബ്രെയിൻ ഡ്രെയിൻ (Re-

verse Brain Drain) എന്നത് ഇന്ത്യയിലെ 'തുച്ഛ' ശമ്പളത്തിൽ മനം മടുത്ത് വിദേശങ്ങളിലേയ്ക്ക് പോയ ഡോക്ടർമാർക്ക് മെഡിക്കൽ ടൂറിസത്തിന്റെ ഫലമായുണ്ടായ കോർപ്പറേറ്റ് ഹോസ്പിറ്റലുകളിലേയ്ക്ക് തിരിച്ചെത്തുകയും അങ്ങനെ ബ്രെയ്ൻ ഡ്രെയിൻ തടയാൻ കഴിയുകയും ചെയ്യും എന്നതാണ് അവകാശവാദം.

അതായത്, നമ്മുടെ സൗകര്യങ്ങളിലെല്ലാം ഉപയോഗപ്പെടുത്തി, കോർപ്പറേറ്റ് ആശുപത്രികളുടെ ശീതളച്ഛായയിലിരുന്ന് ഇന്ത്യൻ മസ്തിഷ്കങ്ങൾ വിദേശീയരെ ചികിത്സിക്കും. ഇന്ത്യക്കാരന്റെ നികുതി ഉപയോഗിച്ച് സർക്കാരിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തുച്ഛമായ ചെലവിൽ ഉന്നത വിദ്യാഭ്യാസം നടത്തി വിദേശീയർക്കും ഇന്ത്യൻ വരേണ്യ വർഗ്ഗത്തിനും വേണ്ടി മാത്രം സേവനമനുഷ്ഠിക്കുന്ന ഈ പ്രവണത Brain Dain അല്ല മറിച്ച് Brain Drain Plus ആണ്. 1986-96 കാലഘട്ടത്തിൽ 5000 ത്തോളം ഡോക്ടർമാർ ഗവർമെന്റ് മേഖലയിൽ ജോലി ചെയ്തിരുന്നപ്പോൾ പതിനായിരം പേരാണ് സ്വകാര്യ രംഗത്ത് പ്രവർത്തിച്ചിരുന്നത്. ഇത് കാണിക്കുന്നത് ആരോഗ്യ രംഗത്തെ സ്വകാര്യവൽക്കരണം തന്നെയാണ്. ഈ സ്വകാര്യവൽക്കരണം ഇന്ത്യയിലെ 30 ശതമാനം ജനവിഭാഗത്തെ പ്രത്യേകിച്ചും ഗ്രാമീണ മേഖലയിൽ ചികിത്സ നിഷേധിക്കുന്ന അഥവാ ചികിത്സാ ചെലവ് താങ്ങാനാവാത്ത സാഹചര്യം ഉണ്ടാക്കുന്നു.

## നികുതി ഇളവുകളും ആനുകൂല്യങ്ങളും

ഇപ്പോൾ തന്നെ ധാരാളം ആനുകൂല്യങ്ങൾ നികുതി ഇളവുകളായും കയറ്റുമതി ചുങ്കത്തിലുള്ള കുറവായും ഹോസ്പിറ്റലുകൾക്ക് അനുഭവിക്കുന്നുണ്ട്. കൂടുതൽ റവന്യൂ വരുമാനവും വിദേശ നാണ്യങ്ങളും സൃഷ്ടിക്കുന്നെന്ന അവകാശവാദവുമായി കോർപ്പേറേറ്റ് ആശുപത്രികളും വ്യവസായ ലോബികളും കൂടുതൽ നികുതിയിളവുകൾക്കും ആനുകൂല്യങ്ങൾക്കുമായി ഗവർമെന്റിനു മുകളിൽ സമ്മർദ്ധം ചെലുത്തുന്നു. 2008-2009 കേന്ദ്ര ബജറ്റിൽ ആശുപത്രികൾക്ക് 5 വർഷത്തെ നികുതി അവധി പ്രഖ്യാപിച്ചു. ഇതുമൂലം, ഫോർട്ടീസ് അപ്പോളോയുടെ ഷെയറിൽ 2.6% വർദ്ധനവുണ്ടായതായാണ് വാർത്തകൾ പറയുന്നത്.

മിക്ക ആശുപത്രികളും ചാരിറ്റബിൾ ട്രസ്റ്റ് ആയിട്ടാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. അങ്ങനെയുള്ള ആശുപത്രികൾ 20% രോഗികളെ സൗജന്യമായി ചികിത്സിക്കണം എന്നാണ് നിയമം. പക്ഷേ ഈ നിയമം കാറ്റിൽ പറത്തികൊണ്ടാണ് ഇവിടെ ആശുപത്രികൾ ലാഭം കൊയ്യുന്നത്. ഉദാഹരണമായി, ഡൽഹിയിലെ അപ്പോളോ ഹോസ്പിറ്റലിന് 1996 ൽ 15 ഏക്കർ ഭൂമി ഗവർമെന്റ് വർഷം 1 രൂപ എന്ന നിരക്കിൽ പാട്ടത്തിന് കൊടുത്തതാണ്. ഇതിൽ ആശുപത്രി നിർമ്മാണത്തിനായി 2.4 മില്യൺ ഡോളറും ഇക്വിറ്റി ക്യാപിറ്റലായി 5.22 മില്യൺ ഡോളറും നൽകി. മറ്റ് നികുതികൾക്ക് പുറമെയാണിത്. അഡ്മിറ്റ് ചെയ്യപ്പെടുന്ന മൂന്നിലൊന്ന് രോഗികൾക്ക് സൗജന്യ ചികിത്സ നൽകണം എന്നതായിരുന്നു. കരാർ. 1999-2000 ൽ അവർ 2% പേരെ സൗജന്യമായി ചികിത്സിച്ചു. ഈ 2 ശതമാനം പേർ രാഷ്ട്രീയക്കാരും, ആശുപത്രി ജീവനക്കാരും കുത്തക മുതലാളിമാരും ആയിപ്പോയി എന്നതിന് അപ്പോളോ എന്ത് പിഴച്ചു? നിയമ ലംഘനത്തിന് അപ്പോളോക്കെതിരായി കേസ് എടുക്കാൻ ഗവർമെന്റിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ഇങ്ങനെ നോക്കിയാൽ മെഡിക്കൽ ടൂറിസം കൊണ്ടു വരുന്ന റവന്യൂ വരുമാനം സാധാരണക്കാർക്ക് ഒരുതരത്തിലും ഗുണകരമാവുന്നില്ല എന്നു കാണാം. അതിനാൽ ഇൻഡസ്ട്രീ ലോബികൾ ഉയർത്തി കാണിക്കുന്ന റവന്യൂ വരുമാനം എന്നത് വെറും ഉമ്മാക്കി മാത്രമാണ്.

## ആശുപത്രി മാലിന്യങ്ങളുടെ നിർമ്മാർജ്ജനം

വീട്ടിലേതായാലും ആശുപത്രിയിലേതായാലും മാലിന്യ നിർമ്മാർജ്ജനം ഇന്ത്യക്കാരെ സംബന്ധിച്ചിടത്തോളം ഒരു ബാലികേറാമലയാണ്. റിസപ്ഷനിലെ കടലാസ് മുതൽ ഓപ്പറേഷൻ തിയേറ്ററിലെ ശസ്ത്രക്രിയാ അവശിഷ്ടങ്ങൾ വരെ ഒന്നിച്ചിട്ട് കത്തിക്കുകയോ ഓടകളിലേയ്ക്കൊഴുക്കുകയോ ആണ് പല ആശുപത്രികളിലും ചെയ്യുന്നത്. അല്ലെങ്കിൽ ആധുനികം എന്ന് പറയപ്പെടുന്ന ഇൻസെനറേറ്ററുകളിലിട്ട് എരിച്ച് കളയുന്നു. ഇതാകട്ടെ മാരകമായ ഡയോക്സിൻ, മെർക്കുറി, ലെഡ് തുടങ്ങി അപകടകരമായ മലിനീകാരികളെ പുറം തള്ളി അന്തരീക്ഷത്തെ വിഷലിപ്തമാക്കുന്നു. ഒരാശുപത്രി കിടക്ക ഒരുദിവസം ശരാശരി 1 കി. ഗ്രാം മാലിന്യം പുറന്തള്ളുന്നു. കോർപ്പറേറ്റ് ആശുപത്രികൾ 2 മില്യൺടൺ മാലിന്യങ്ങൾ ഒരുവർഷം പുറന്തള്ളുന്നു. മെഡിക്കൽ ടൂറിസ്റ്റുകളുടെ വർദ്ധനവും പുതിയ ആശുപത്രികളും സ്വാഭാവികമായും ഈ അളവ് കൂട്ടും. ഫലത്തിൽ മെഡിക്കൽ ടൂറിസ്റ്റ് ചെലവിടുന്ന ഡോളറുകൾ Economic Leakage -കളിലൂടെ വിദേശങ്ങളിൽ തന്നെ വന്നെത്തുകയും അവർ പുറന്തള്ളുന്ന മാലിന്യങ്ങൾ ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട, മികച്ച ചികിത്സാ നിഷേധിക്കപ്പെട്ട ഒരു ജനവിഭാഗമായി നാം അധഃപതിക്കുകയും ചെയ്യുന്നു. മാലിന്യ നിർമ്മാർജ്ജനത്തിന്റെ പരോക്ഷ വില (Hidden cost) ഏർപ്പെടുത്താത്തിടത്തോളം കാലം നമ്മുടെ ആരോഗ്യ രംഗം വില (Hidden cost) കുറഞ്ഞതായി തുടരുക തന്നെ ചെയ്യും.

## അവയവ വ്യാപാരം

ഇന്ത്യയിൽ പുതു വർഷം ആരംഭിച്ചത് ഗുഡ്ഗാവിലെ കിഡ്നി രാജാവിന്റെ കഥയുമായാണ്. 5 വിദേശീയരെ അദ്ദേഹത്തിന്റെ ഗസ്റ്റ് ഹൗസിൽ നിന്നും പിടികൂടുകയും ചികിത്സാ കാത്തിരിക്കുന്ന വിദേശീയരുടെ ഒരുനീണ്ട പട്ടികതന്നെ കണ്ടെത്തുകയും ചെയ്തു. ഒരുപാട് വിദേശികൾ അയാളിൽ നിന്ന് ചികിത്സ തേടി ലോകത്തിന്റെ പല ഭാഗങ്ങളിലും ജീവിക്കുന്നുണ്ട്. കഴിഞ്ഞ വർഷം ചെന്നൈയിൽ നടന്ന കിഡ്നി വ്യാപാരത്തിന്റെ പ്രധാനകണ്ണിയായി വർത്തിച്ചത് മെഡിക്കൽ ടൂറിസം രംഗത്ത് പ്രബലരായ ഒരു ഹോസ്പിറ്റലാണ്. പുറത്തിറങ്ങിയ ഏഴുവർഷം മുമ്പ് കോഴിക്കോട് നടന്ന കിഡ്നി ദാനങ്ങളേയും അതിലുൾപ്പെട്ട ഹോസ്പിറ്റലുകളേയും കേരളക്കാർ മറക്കാൻ ഇടയില്ല. മുകളിൽ പറഞ്ഞ മൂന്ന് സംഭവങ്ങളിലും കിഡ്നി വിൽക്കേണ്ടി വന്നവരെല്ലാം തന്നെ സമൂഹത്തിന്റെ താഴെ തട്ടിൽ നിന്നാണെന്നതും ശ്രദ്ധിക്കേണ്ടതാണ്.

2002 ൽ പുറത്തിറങ്ങിയ ഒരു സർവ്വെ റിപ്പോർട്ട് കാണിക്കുന്നത് സർവ്വേയിൽ പങ്കെടുത്ത 96 ശതമാനം

പേരും കടം തീർക്കാനായി 4 ലക്ഷം രൂപയ്ക്ക് കിഡ്നി വിററു എന്നാണ്. ബ്രിട്ടണിനും മറ്റും ക്യൂ സമ്പ്രദായം ആയതിനാൽ അവയവം മാറ്റി വെയ്ക്കൽ ശസ്ത്രക്രിയ പോലുള്ള അടിയന്തിര ചികിത്സകൾ സമയത്ത് നടത്താൻ സാധിക്കാതെ വരുന്നു. ഈ അവസരയിൽ പണംകൊടുത്താൽ ഏത് ചികിത്സയും ലഭ്യമായ ഇന്ത്യ മെഡിക്കൽ ടൂറിസ്റ്റുകളുടെ പറുദീസയായതിൽ അത്ഭുതപ്പെടാനില്ല.

ഗുഡ്ഗാവിലെ കിഡ്നി വ്യാപാരത്തെക്കുറിച്ച് ഒരു കനേഡിയൻ ടൂർ ഓപ്പറേറ്റർ പ്രതികരിച്ചതിങ്ങനെയാണ്. ആവശ്യക്കാരന് ഔചിത്യം നോക്കേണ്ടതില്ലല്ലോ? ശരിയാണ്. ഇതറിയാവുന്ന ഇന്ത്യാ ടൂറിസം Incredible India വെബ് സൈറ്റിൽ ഇത്തരം 'വില കുറഞ്ഞ അവയവങ്ങൾ' മാറ്റി വെയ്ക്കൽ ശസ്ത്രക്രിയകളെ കുറിച്ച് പ്രത്യേകം പറയുന്നുണ്ട്. 1994 ൽ നിലവിൽ വന്ന Human Organ Transplant Act അവയവ വ്യാപാരത്തെ കുറ്റകൃത്യമായി പറയുന്നുണ്ട്. പക്ഷേ നമ്മുടെ നിയമത്തിലെ പഴുതുകളും ഉദ്യോഗസ്ഥർക്കിടയിലുള്ള കൃത്യവിലോപങ്ങളും ഈ നിയമത്തെ ദുരുപയോഗപ്പെടുത്താൻ ഇടയാക്കുന്നു. ഈ നിയമത്തെ ദൃഢപ്പെടുത്തുന്നതിന് നിർദ്ദേശങ്ങളുയരുമ്പോൾ ചില തൽപ്പര കക്ഷികൾ ഇതിനെ കൂടുതൽ ലഘൂകരിക്കണമെന്ന ആവശ്യമായാണ് മുന്നോട്ട് വരുന്നത്. ചില നിഗൂഢ താത്പര്യങ്ങൾ വെച്ച്പുലർത്തുന്ന മലയാളത്തിലെ ഒരു പ്രമുഖ പത്രവും നിയമം ഭേദഗതി വരുത്തുന്നതിന് മുഖ പ്രസംഗം വരെയെഴുതി. മെഡിക്കൽ ടൂറിസത്തിന്റെ വ്യാപനം ഇത്തരം അവയവ വ്യാപാരങ്ങൾ കൂട്ടാൻ വഴിതെളിയ്ക്കും. 'ട്രാൻസ്പ്ലാന്റ് ടൂറിസം' എന്ന പുതിയ പ്രയോഗം തന്നെ രൂപപ്പെട്ടു കഴിഞ്ഞു.

### ഗർഭപാത്രം വാടകയ്ക്ക്

ദാരിദ്ര്യത്തിന് മുമ്പിൽ അവയവങ്ങൾ പോലും വില്ക്കാൻ തയ്യാറായ ഇന്ത്യയിലെ പാവപ്പെട്ട ജനങ്ങൾ ഇന്ത്യൻ ഗർഭപാത്രത്തിന് വിദേശത്ത് ആവശ്യക്കാർ ഉണ്ടെന്നറിഞ്ഞ് വാടകയ്ക്ക് കൊടുക്കാൻ പോലും തയ്യാറാകുന്നു. ഗുജറാത്ത് പോലുള്ള സംസ്ഥാനങ്ങളിൽ നിന്നാണ് ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ പുറത്ത് വന്നിട്ടുള്ളത്. എൻ.ഡി.റ്റി.വി. ഇത്തരം സറോഗേറ്റ് മദേഴ്സുമായി (Sarogate Mothers) നടത്തിയ കൂടികാഴ്ചകൾ വെളിപ്പെടുത്തുന്നത് ദാരിദ്ര്യമാണ് സ്ത്രീകളെ ഇതിന് പ്രേരിപ്പിക്കുന്നത് എന്നാണ്. ഒരു പ്രാവശ്യം ഗർഭപാത്രം വാടക്യ്ക്ക് നൽകിയ ഒരാൾ പോലും ഇനി എത്ര പണം കിട്ടിയാലും ഇതാവർത്തിക്കില്ല എന്ന് ഈ റിപ്പോർട്ട് പറയുന്നു. ഗർഭപാത്രമല്ലേ വിലയ്ക്ക് കൊടുക്കാൻ പററൂ മാതൃത്വം എന്ന വികാരം വിൽക്കാൻ സാധിക്കില്ലല്ലോ എന്നാണ് പലരും പ്രതികരിച്ചത്.

മൂന്ന് നേരം ആഹരിക്കാൻ വകയില്ലാത്ത സ്ത്രീകളാണ് കുടുംബം പുലർത്താനായി ബലിയാടാവാൻ ഇറങ്ങിയിരിക്കുന്നത്. കുഞ്ഞുണ്ടാകുന്നത് വരെയുള്ള ഉത്തരവാദിത്വം വാടകക്കെടുത്ത ആൾക്കാണത്രേ. പക്ഷേ ഉണ്ടാകുന്ന കുട്ടിയ്ക്ക് ജന്മ വൈകല്യം ഉണ്ടെങ്കിൽ, ഒരു പ്രസവത്തിൽ ഇരട്ട കുട്ടികൾ ഉണ്ടായാൽ, പ്രസവത്തിൽ കുട്ടി/അമ്മ മരിച്ചാൽ, പ്രസവത്തോടെ അമ്മയ്ക്ക് എന്തെങ്കിലും കുഴപ്പങ്ങൾ ഉണ്ടായാൽ ആര് ഉത്തരവാദിത്വം ഏറ്റെടുക്കും? എന്ത് നിയമ പരിരക്ഷയാണ് ഈ സ്ത്രീകൾക്ക് കിട്ടാൻ പോകുന്നത്.?

ആരോഗ്യ ടൂറിസം കൂടുതൽ പ്രചാരത്തിലാകുന്നതോടെ മുകളിൽ സൂചിപ്പിച്ച പ്രശ്നങ്ങൾ വർദ്ധിക്കാനാണ് സാദ്ധ്യത. ഇത്തരം അടിസ്ഥാന പ്രശ്നങ്ങൾ ഒന്നും ചർച്ച ചെയ്യാതെ തികച്ചും ഏകപക്ഷീയമായി ഇത്തരം ആശയങ്ങളെ ഇവിടുത്തെ ദരിദ്രനാരായണന്മാരിൽ അടിച്ചേൽപ്പിക്കുന്ന ഒരു പ്രവണതയാണ് നടക്കുന്നത്. ആരോഗ്യ സംരക്ഷണം എല്ലാ പൗരന്മാരുടേയും അവകാശമാണെന്ന തിരിച്ചറിവിൽ നിന്നുവേണം ഇത്തരം ചർച്ചകൾ തുടങ്ങേണ്ടത്. പുതിയ ആരോഗ്യടൂറിസ നയത്തെ കുറിച്ചുളളചർച്ചകളും പ്രഖ്യാപനങ്ങളും നടക്കുന്ന ഈ സാഹചര്യത്തിൽ ഇത്തരം അടിസ്ഥാന പ്രശ്നങ്ങൾ തീർച്ചയായും കണക്കിലെടുക്കപ്പെടേണ്ടതാണ്.

(തലക്കെട്ടിനെക്കുറിച്ച്

ഇന്ത്യാ ടൂറിസം പരസ്യങ്ങൾ പറയുന്നു അതിഥി ദേവോ ഭവഃ എന്ന്

അതായത് അതിഥി ദൈവമാണ്. കേരള ടൂറിസമാകട്ടെ 'ദൈവത്തിന്റെ സ്വന്തം നാട്' എന്നും. ഇത് രണ്ടും കൂട്ടി വായിക്കുമ്പോൾ ഇത് അതിഥികളുടെ സ്വന്തം നാട്' എന്ന് വായിക്കേണ്ടി വരും.)

*sunikhi@gmai.com*

## മലമ്പുഴ സ്പോഞ്ച് അയേൺ പ്രവർത്തനം നിർത്തുക

പി.എസ്. പണിക്കർ

പാലക്കാട് ജില്ലയെ കേരളത്തിന്റെ നെല്ലറയാക്കുന്നത് മലമ്പുഴ ഡാമാണ്. പാലക്കാട് മുനിസിപ്പാലിറ്റിയിലും, സമീപത്തുള്ള 8 ഗ്രാമപഞ്ചായത്തുകളിലും (പുതുശ്ശേരി, മരുതറോഡ്, മലമ്പുഴ, അകത്തേതറ, പിരായിരി, പുതുപ്പരിയാരം, കൊടുമ്പ്, കണ്ണാടി) ദാഹജലം ലഭിക്കുന്നത് മലമ്പുഴ ജലാശയത്തിൽ നിന്നാണ്. ഇതിന്റെ വൃഷ്ടി പ്രദേശത്ത് മാന്തുരുത്തി വനമേഖലയിൽ കേരളാ സ്പോഞ്ച് അയേൺ പ്രൈവറ്റ് ലിമിറ്റഡ് എന്ന പടുകൂറ്റൻ ഫാക്ടറി ഫെബ്രുവരി 24 മുതൽ ട്രയൽ റൺ (പരീക്ഷണ നടത്തൽ) നടത്തിവരുന്നു. ഇവിടെ നിന്നും മലമ്പുഴ ജലാശയത്തിലേക്കുള്ള വായു ദൈർഘ്യം (air distance) 1/2 കി.മീ. പോലുമില്ല. വനമേഖലയിൽ ഇത്തരം വനേതര പ്രവർത്തനങ്ങൾ പാടില്ലെന്ന് വനസംരക്ഷണനിയമം അനുശാസിക്കുന്നുണ്ട്. മദ്ധ്യ കേരളത്തിന്റെ ജീവരേഖയും, സംസ്ഥാനത്തെ 1/8 ഭാഗം ജനങ്ങൾക്ക് കുടിനീർ നൽകുന്നതുമായ ഭാരതപ്പുഴയുടെ മുഖ്യ പോഷകനദിയായ കോരയാർ ഈ ഫാക്ടറിക്ക് സമീപത്ത് കൂടിയാണ് ഒഴുകുന്നത്. പൊന്നാനി വരെയുള്ള ഭാരതപ്പുഴയും ഇതുകാരണം മലിനീകരിക്കപ്പെടും. 'പ്രകൃതിയുടെ അത്ഭുതസൃഷ്ടി' എന്ന് വിശേഷിപ്പിക്കപ്പെടുന്ന സുപ്രസിദ്ധമായ പാലക്കാട് ചുരത്തിൽ (Palakkad Pass) സ്ഥാപിച്ചിട്ടുള്ള ഈ ഫാക്ടറി പ്രതിവർഷം 18000 എം.ടി. സ്പോഞ്ച് അയേൺ (പച്ചിരുമ്പ്) ആണ് ഉത്പാദിപ്പിക്കുന്നത്. തമിഴ്നാട്ടിൽ നിന്നും ചുരത്തിൽ കൂടി ചീറിപാഞ്ഞ് വരുന്ന കാറ്റ് ജില്ലയിലാകെ ഇതിന്റെ മലിനീകരണം പരത്തും. സ്പോഞ്ച് അയേണിൽ 3% കരിയും, ലോഹമാലിന്യങ്ങളും, ഇരുമ്പു ധൂളികളും, പുകയും മറ്റും ഉണ്ടാകും. ഇത് നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാന ഘടകങ്ങളായ മണ്ണും, വെള്ളവും, വായുവും അതീവ ഗുരുതരമായ രീതിയിൽ മലിനീകരിക്കും. ഫാക്ടറിക്കെതിരെ മാർച്ച് 20ന് പാലക്കാട് അതിഥി ഹാളിൽവെച്ച് ബഹുജന കൺവെൻഷൻ നടന്നു.